# 'പ്ലാസ്റ്റിക് ഉപയോഗിക്കൂ, പരിസ്ഥിതി സംരക്ഷിക്കൂ!'

**സുനിൽ. സി. എൻ**

പ്ലാസ്റ്റിക് ഉപഭോഗം ശീലമാക്കി പരിസ്ഥിതിസംരക്ഷണം സാധ്യമാക്കാൻ പരിസരദിനസന്ദേശം. പരിസരദിനമായ ജൂൺ 5ന് 'ഹിന്ദു'ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച പരസ്യത്തിലൂടെ ഗ്യാസ് അഥോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡാണ് (ഗെയിൽ)പ്ലാസ്റ്റിക് ഉപയോഗിക്കാൻ ആഹ്വാനം നൽകിയിരിക്കുന്നത്.

'പ്ലാസ്റ്റിക് ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്ന പത്രപരസ്യങ്ങൾ സ്വാഭാവികമാകാം. എന്നാൽ പ്ലാസ്റ്റിക് ഒഴിവാക്കരുത് എന്നാണ് ഞങ്ങൾ പറയുന്നത്.' എന്ന മുഖവുരയോടെയാണ് 'ഗെയിൽ' തങ്ങളുടെ നിർദ്ദേശം മുന്നോട്ടുവയ്ക്കുന്നത്. പത്തുവർഷത്തിലേറെ പഴക്കമുള്ള 20 മില്ല്യൺ വൃക്ഷങ്ങളെ മുറിച്ചുമാറ്റും എന്നതാണ് പ്ലാസ്റ്റിക് ഒഴിവാക്കൂ എന്ന ആഹ്വാനത്തിന്റെ അർത്ഥമെന്നാണ് പരസ്യത്തിൽ ഉന്നയിക്കുന്ന വാദം. എന്നാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ അലസമായി കൈകാര്യം ചെയ്യുന്നില്ല എന്ന് ഉറപ്പുവരുത്തണമെന്നും പരസ്യം ഓർമ്മിപ്പിക്കുന്നുണ്ട്. മുറിച്ചുനീക്കപ്പെട്ട ശേഷം അവശേഷിക്കുന്ന മരക്കുറ്റികളുടെ വിശാലദൃശ്യത്തിലുള്ള, സ്വയം സംസാരിക്കുന്ന കളർ ചിത്രത്തിന് അടിക്കുറിപ്പായാണ് പ്ലാസ്റ്റിക് ഉപഭോഗത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നത്.

പ്രത്യക്ഷത്തിൽ നിരുപദ്രവകരമെന്നും പ്രായോഗികമെന്നും തോന്നുമെങ്കിലും 'ഗെയിലി'ന്റെ പ്ലാസ്റ്റിക് വാദം ഏറെ വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്. പ്ലാസ്റ്റിക് ഉയർത്തുന്ന ഭീഷണിക്ക് പരിഹാരമായി ഉപഭോഗം കുറയ്ക്കുക എന്നതല്ലാതെ മറ്റൊരു മാർഗ്ഗവും ഇനിയും ആരും മുന്നോട്ടുവച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്ലാസ്റ്റിക് അനുകൂലവാദം ആത്മഹത്യാപരം തന്നെയാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ അലസമായി കൈകാര്യം ചെയ്യരുത് എന്ന ഒഴുക്കൻ മുന്നറിയിപ്പല്ലാതെ വ്യക്തമായ നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ 'ഗെയിലി'നും സാധിച്ചിട്ടില്ല.

പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട ചർച്ചകളിൽ സമീപകാലത്തായി ഇന്ത്യയിലെ പ്ലാസ്റ്റിക് വിപണി സജീവമായി ഇടപെടുന്നതും ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്. ഒരു വർഷം 3,500 കോടി രൂപ സർക്കാരിന് നേടിക്കൊടുക്കുന്ന ഇന്ത്യയിലെ പ്ലാസ്റ്റിക് വിപണി 800 മില്യൺ അമേരിക്കൻ ഡോളർ കയറ്റുമതി ഇനത്തിൽ നേടുന്നതായി ഇന്ത്യൻ സെന്റർ ഫോർ പ്ലാസ്റ്റിക്സ് ഇൻ ഇൻവയോൺമെന്റ്(ഐ. സി. പി. ഇ) ഡയറക്ടർ ജനറൽ എ. എൻ. ഭട്ട് സമീപകാലത്ത് ചൂണ്ടിക്കാണിച്ചിരുന്നു. 5 ലക്ഷം പേർക്ക് പ്രത്യക്ഷമായും 15 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്ന ഒന്നാണ് ഈ മേഖല എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. പ്ലാസ്റ്റിക് കത്തിക്കുമ്പോൾ ഡയോക്സിൻ പുറത്തുവിടുന്നില്ല എന്നും നമ്മുടെ ഉച്ഛ്വാസവായുവിലെ ഘടകങ്ങൾ മാത്രമേ അടങ്ങിയിട്ടുള്ളൂ എന്നും സെന്റർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്സ് എൻജിനീയറിങ്ങ് ആൻഡ് ടെക്നോളജി ഡയറക്ടർ ജനറലിനെ ഉദ്ധരിച്ചുകൊണ്ട് തമിഴ്നാട് പ്ലാസ്റ്റിക്സ് മാനുഫാക്ചറേഴ്സ് അസോസിയേഷനും പത്രപരസ്യങ്ങൾ നൽകിവരുന്നുണ്ട്. പ്ലാസ്റ്റിക് നിരോധനവും ബഹിഷ്കരണവും ആവശ്യപ്പെടുന്നവരിൽ ആശയക്കുഴപ്പം സൃഷ്ടിക്കാൻ ഇത്തരം നീക്കങ്ങൾകൊണ്ട് വിപണിക്ക് കഴിയുന്നുണ്ട് എന്നതാണ് ഇതിന്റെയെല്ലാം മറുവശം.




ജൂൺ 5ന് ഹിന്ദു ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച 'ഗെയിലി'ന്റെ പരസ്യം

ഈ സാഹചര്യത്തിലാണ് പരിസ്ഥിതിവാദത്തെ കൂട്ടുപിടിച്ചുകൊണ്ട് 'ഗെയിൽ' രംഗത്തെത്തിയിരിക്കുന്നത് ശ്രദ്ധേയമാകുന്നത്. പ്ലാസ്റ്റിക് ഭീഷണിക്ക് ബദൽ നിർദ്ദേശിക്കാതെ 'വനസംരക്ഷണം പ്ലാസ്റ്റിക് ഉപഭോഗത്തിലൂടെ' എന്ന വാദവുമായി പരിസ്ഥിതിവാദത്തിന് പാഠഭേദം തയ്യാറാക്കുകയാണ് അവർ ചെയ്യുന്നത്. 'ഭൂമിക്ക് ഒരു അവസരം കൂടി' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് ലോകമെമ്പാടും പരിസരദിനമായി ആചരിക്കുന്ന ജൂൺ 5 തന്നെ ഇതിനായി അവർ തെരഞ്ഞെടുക്കുകയും ചെയ്തു.

തെറ്റിദ്ധരിപ്പിക്കപ്പെടുന്ന ഇത്തരം പരസ്യങ്ങൾ വീണ്ടുവിചാരമില്ലാതെ പ്രസിദ്ധപ്പെടുത്തിയ 'ഹിന്ദു' ദിനപത്രത്തിന്റെ നിലപാടുകളും വിമർശനവിധേയമാക്കപ്പെടേണ്ടതുണ്ട്.